Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 04/2023**

# ശതാബ്ദി സമാപനം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചതിന്റേയും അതിന്റെ ആസ്ഥാന അതിരൂപതയായി എറണാകുളം വികാരിയാത്തിനെ ഉയർത്തിയതിന്റേയും ശതാബ്ദി 2022 ഡിസംബർ 21 മുതൽ നാം ആഘോഷിക്കുകയായിരുന്നല്ലോ. കഴിഞ്ഞ നൂറു വർഷക്കാലം നമ്മുടെ സഭയേയും അതിരൂപതയേയും വളർത്തിയ അഭിവന്ദ്യ പിതാക്കന്മാരേയും വൈദികരേയും സമർപ്പിതരേയും ദൈവജനത്തേയും നന്ദിപൂർവ്വം ഓർക്കാം.

**ശതാബ്ദിസമാപനം അതിരൂപതാതലത്തിൽ**
ശതാബ്ദിയുടെ സമാപനദിനമായ 2023 ഡിസംബർ 21-ാം തീയതി വ്യാഴാഴ്ച അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും കൃതജ്ഞതാബലിയർപ്പിച്ചും സ്തോത്രഗീതം ആലപിച്ചും ദൈവം നമുക്ക് നൽകിയ അളവറ്റ അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിക്കാം. ശതാബ്ദി സമാപനദിനത്തിലോ അല്ലെങ്കിൽ അതിനുമുൻപുള്ള മറ്റേതെങ്കിലും ദിനത്തിലോ ദിവ്യകാരുണ്യ ആരാധന നടത്തുന്നത് ഉചിതമായിരിക്കും.

**ശതാബ്ദിസമാപനം സഭാതലത്തിൽ**
സീറോമലബാർ ഹയരാർക്കി സ്ഥാപനത്തിന്റെ സഭാതലത്തിലുള്ള ശതാബ്ദി സമാപനാഘോഷത്തിൽ (പ്രത്യേകിച്ച്, ഡിസംബർ 21-ാം തീയതിയിലെ പരിപാടികളിൽ) മേജർ ആർച്ചുബിഷപ്പ് നൽകുന്ന നിർദ്ദേശങ്ങളനുസരിച്ച് നമുക്ക് പങ്കുചേരാം. സഭയിൽ നേതൃത്വ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സിനഡുപിതാക്കന്മാരോടുമൊപ്പം സഭാപ്രവർത്തനങ്ങളുടെ എല്ലാ മേഖലകളിലും പരിശുദ്ധാത്മാവിന്റെ നിറവ് ലഭിക്കാൻവേണ്ടി ഈ ദിനത്തിൽ നമുക്ക് പ്രാർത്ഥിക്കാം

ആഗതമാകുന്ന ക്രിസ്മസിന്റെയും നവവത്സരത്തിന്റെയും ആശംസകളും പ്രാർത്ഥനകളും ഏവർക്കും നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവം,

+ Andrews Thazhath

**ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത്**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി മേജർ അതിരൂപത
05/12/2023

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •